## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 530 — 20.11.2019-ൽ മറുപടിക്ക്

## പട്ടികഗോത്ര പുനരധിവാസവും വികസനവും മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി.അൻവർ<br>,, കെ.വി.വിജയദാസ്<br>,, റ്റി.വി.രാജേഷ്<br>,, കാരാട്ട് റസാഖ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികഗോത്ര കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പട്ടികഗോത്ര പുനരധിവാസവും വികസനവും മിഷൻ (ടി.ആർ.ഡി.എം.) പ്രകാരം നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് 09/11/2001 ലെ 63/01/പജ.പവ.വിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്.<br>സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ നൽകൽ എന്നീ പ്രധാന പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ, കണ്ണൂർ ജില്ലയിലെ ആറളം മേഖലയിൽ ഭൂമി കൈപ്പറ്റാത്തവരുടെ ഭൂമിയും ലഭ്യമായ മറ്റ് റവന്യൂ ഭൂമിയും അർഹരായ ഭൂരഹിതർക്ക് വിതരണം നടത്തി വരുന്നു. മിഷൻ മുഖേന ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**നിക്ഷിപ്തവനഭൂമി വിതരണം**<br>കാസർഗോഡ് (37.2), കണ്ണൂർ (83), വയനാട് (3008.0879), മലപ്പുറം (203.64), പാലക്കാട് (4360.8972) ജില്ലകളിലായി ആകെ 7692.825 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനാണ് കേന്ദ്രാനുമതിയും തുടർന്ന് ബഹു. സുപ്രീം കോടതിയുടേയും അനുമതി ലഭിച്ചത്, ആയതിൽ മിഷൻ പ്രവർത്തന ഫലമായി 3569.25 ഹെക്ടർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട് അതിൽ 958.717 ഹെക്ടർ വനാവകാശ നിയമ പ്രകാരവും, |

2610.53 ഹെക്ടർ ഭൂമിയ്ക്ക് കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വനം, റവന്യൂ, പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിമാരുടേയും, ഉന്നത ഉദ്യോഗസ്ഥ രുടേയും നിരവധി യോഗങ്ങൾ ചേരുകയും തുടർന്ന് കാസർഗോഡ് (30.36 ഹെക്ടർ), മലപ്പുറം (10 ഹെക്ടർ), പാലക്കാട് (499.78 ഹെക്ടർ) എന്നിവിടങ്ങളിൽ ആകെ 540.14 ഹെക്ടർ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 68.46 ഹെക്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. മലപ്പുറം ജില്ലയിൽ 111 ഹെക്ടർ, വയനാട് ജില്ലയിൽ 48 ഹെക്ടർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സംയുക്ത പരിശോധന സർവ്വേ പ്രവർത്തനം എന്നിവ അന്തിമ ഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ സംയുക്തതല പരിശോധന നടന്ന് വരുകയാണ്. നടപ്പ് സാമ്പത്തിക വർഷം മലപ്പുറം,പാലക്കാട്,വയനാട് ജില്ലകളിൽ വിതരണ യോഗ്യമായി കണ്ടെത്തുന്ന മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

**ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 03/03/2018 ലെ 21/2018/പജപവവിവ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഭൂമി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്ക് ശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. ഒരിക്കൽ കൂടി ഫീൽഡ്തല പരിശോധനയും വില നിർണ്ണയവും നടത്തി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 64.91 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട് അതിൽ വയനാട് (19.18 ഏക്കർ),പാലക്കാട് (8 ഏക്കർ) ,മലപ്പുറം(5.27 ഏക്കർ) എന്നിവിടങ്ങളിലെ ഭൂമിയുടെ വില നിർണ്ണയം സർക്കാർ അംഗീകരിച്ച് ഭൂമി വിതരണം അന്തിമ ഘട്ടത്തിലാണ്. വാസയോഗ്യമെന്ന് കണ്ടെത്തുന്ന മുഴുവൻ ഭൂമിയും വില നിർണ്ണയം പൂർത്തീകരിച്ച് വാങ്ങി നൽകുന്ന നടപടി പുരോഗമിക്കുന്നു.

**വനാവകാശ നിയമം 2006**

വനാവകാശ നിയമം 2006 പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുവരെ 25913 പേർക്ക് 34623.98 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ 4982 അപേക്ഷകൾ ഗ്രാമസഭ, SDLC,DLC

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ പെന്റിംഗിലാണ്. ടി അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. 08/08/2019 ലെ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിന് ശേഷം SDLC,DLC എന്നിവ ഒരാഴ്ചയ്ക്കൊരിക്കൽ ചേർന്ന് അപേക്ഷകൾ തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വനാവകാശ കൈവശരേഖ തയ്യാറാക്കുന്നത് NIC തയ്യാറാക്കിയ സോഫ്റ്റ് വെയർ മുഖേനയാണ്. നിലവിൽ ടി വെബ്സൈറ്റ് പ്രവർത്തനക്ഷമമല്ലാത്തത് പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിനോട് (MOTA) അപേക്ഷിച്ചിട്ടുണ്ട്. വെബ്സൈറ്റിന്റെ തകരാർ കാരണം വിവരങ്ങൾ എന്റർ ചെയ്ത് കൈവശരേഖ നൽകാൻ കഴിയാത്തവ മാന്വലായി തയ്യാറാക്കി വിതരണം ചെയ്യാനും വെബ് സൈറ്റ് പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് രേഖപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വേ നടപടികൾക്ക് താമസം നേരിടുന്നത് ഒഴിവാക്കുന്നതിനായി പ്രത്യേക ഫണ്ട് നൽകി. ആവശ്യമെങ്കിൽ സ്വകാര്യ/ റിട്ടയേഡ് സർവ്വേയർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. പെന്റിംഗിലുള്ള എല്ലാ അപേക്ഷകളും തീർപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ആറളത്ത് ഭൂമി അനുവദിച്ചിട്ട് കൈപ്പറ്റാത്തവരുടെ പട്ടയം റദ്ദ് ചെയ്ത് അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്തവനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| ബി) | വികസന ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പട്ടികഗോത്ര ത്തിൽപ്പെട്ടവർക്ക് പങ്കാളിത്തം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | ബി) | വികസനത്തിലും ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പട്ടികവർഗ്ഗക്കാർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി പദ്ധതികൾ ഊരുകൂട്ടത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയശേഷമാണ് നടപ്പിലാക്കുന്നത്. ഊരുകൂട്ടത്തിൽ ആവശ്യപ്പെടുന്ന പ്രകാരമാണ് ഓരോ കോളനികളിലും നടപ്പിലാക്കേണ്ട പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ തയ്യാറാക്കുന്നത്. പദ്ധതികൾ മോണിട്ടറിംഗ് ചെയ്യുന്നതിന് രൂപീകരിക്കുന്ന കമ്മിറ്റികളിൽ പട്ടികവർഗ്ഗ പ്രതിനിധികളായി ഊരുമൂപ്പൻമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവരെയും ഉൾപ്പെടുത്താറുണ്ട്. ജില്ലാ മിഷൻ യോഗത്തിലും ഊരുമൂപ്പൻമാരെ പങ്കെടുപ്പിക്കാറുണ്ട്. ഇത്തരത്തിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വികസന ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ലഭ്യമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളും വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഊരുകൂട്ടങ്ങളുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കുന്നത്. |
| സി) | വിവിധ തലങ്ങളിലുള്ള ടി.ആർ.ഡി.എം. മിഷനുകളുടെ പ്രവർത്തനം അറിയിക്കാമോ? | സി) | ജില്ലാ മിഷനുകൾ ഭൂമി വിതരണം, വിതരണം ചെയ്ത ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനം എന്നിവയുടെ പ്രോജക്ടുകൾ തയ്യാറാക്കി ശുപാർശ ചെയ്യുന്നു. സംസ്ഥാന മിഷന്റെയും ഉന്നതാധികാര സമിതിയുടേയും അംഗീകാരത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നു. 25 ലക്ഷം വരെയുള്ള പ്രോജക്ടുകൾ (റോഡ്, പാലം 10 ലക്ഷം) ജില്ലാ മിഷൻ തന്നെ ഭരണാനുമതി നൽകി പദ്ധതി നിർവ്വഹണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ